(സി) പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇതൊരു ലംപ്സം കോൺട്രാക്റ്റ് ആണ്. അതു കാരണം കരാറുകാരുടെ ഡിസൈനും അതനുസരിച്ച് അവർതന്നെ എഴുതുന്ന തുകയുമാണ് ടെണ്ടറിൽ ഉള്ളത്. പല റേറ്റുകളും ലഭിച്ചിട്ടുണ്ട്. വിശദമായി പരിശോധിച്ച് തീരുമാനമായെങ്കിലെ അടങ്കൽ തുക എത്രയെന്ന് അറിയാൻ കഴിയുകയുള്ളൂ. ഈ പണിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത് 595 ലക്ഷം രൂപയ്ക്കാണ്.

85 (550) അരൂർ മണ്ഡലത്തിലെ റോഡുകളുടെ വികസനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ അരൂർ മണ്ഡലത്തിലെ റോഡുകളുടെ വികസനത്തിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അരൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പണിയാണ് നടത്തിയതെന്നും അവയ്ക്ക് ഓരോന്നിനും എന്ത് തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല.

86 (551) റോഡുകളുടെ അറ്റകുറ്റപ്പണികൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ താമസംവിനാ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മരാമത്ത് പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശേഖരിക്കാറില്ല. മോശമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

87 (552) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കാർത്തികപുരം പാലത്തിന്റെ പണി

<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly